# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി



## ജി.ഡബ്ല്യൂ.എൽ.പി എസ് കാര്യറ

## പുനലൂർ വിദ്യാഭാസ ഉപജില്ല

## കൊല്ലം ജില്ല

# വിദ്യാലയ വികസന സമിതി അംഗങ്ങൾ 2025-26

ചെയർമാൻ - ശ്രീമതി. ധന്യാപ്രദീപ് (വാർഡ് മെമ്പർ)

വൈസ് പ്രസിഡന്റ് - അജിത.J.S (SMC ചെയർമാൻ)

കൺവീനർ - S. സലീന ബീവി (പ്രഥമാധ്യാപിക)

അംഗങ്ങൾ - നജ്മാൻ റിയാസ് S (സ്കൂൾ ലീഡർ)
- സജീന. I.S (ടീച്ചർ)
- ഷാന്റ്. A (ടീച്ചർ)
- അഞ്ജന. A (ടീച്ചർ)
- മുരളീധരൻ നായർ (പൂർവ്വാദ്ധ്യാപകർ)
- ജോർജ്ജ് ജേക്കബ് ( " )

- ശ്രീമതി. ശ്രീന. Y (MPTA പ്രസിഡന്റ്)
- ജസീന

ആതിര

ഷീല

ടിന്റു ജോസഫ്

സുബാഷ്. S

ഷേർലി.

റിൻസി

ചിപ്പി

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായ് മാറുന്ന വേളയിൽ കേര ഗവൺമെന്റ് വെൽഫെയർ എൽ.പി സ്കൂളും മാറ്റത്തിന്റെ പാതയിലാണ്. ഗുണമേന്മ വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കായി നൽകപ്പെടുന്നു. മാനവിക മൂല്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് മനുഷ്യത്വത്തിന്റെ പൂർണതയിലേക്ക് കുട്ടികളെ ഉയർത്തികൊണ്ട് വരുന്നതിനുള്ള അടിസ്ഥാന ശില പാകുകയാണ് ഈ വിദ്യാലയം. ഓരോ കുട്ടിയെയും ഓരോ

ടാലന്റ് ലാബ് ആയി കണ്ടുകൊണ്ട് അവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും ആണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

വികാസ് എന്നാൽ അക്കാദമിക എന്ന ഘടകത്തിന് ഊന്നൽ നൽകി കൊണ്ട് മികച്ച അക്കാദമിക് പ്രവർത്തനങ്ങളൊരുക്കാൻ ഉള്ള പരിശ്രമങ്ങളുടെ ഭാഗമായാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ലോവർ പ്രൈമറി തലത്തിലുള്ള കുഞ്ഞുങ്ങൾക്ക് പരമാവധി വിജ്ഞാനവും മൂല്യങ്ങളും മാതൃഭാഷാ പരിചയവും ഇംഗ്ലീഷ് ഭാഷാ പരിചയവും ശാസ്ത്രാവബോധവും ഗണിതശേഷികളും ഉൾക്കൊള്ളുന്ന ലക്ഷ്യമിടുന്ന വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർപ്ലാനിലുള്ളത്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| Name of School | : | G.W.L.P.S Kariyara |
| Name of Village | : | Vilakkudy |
| Ward | : | IV |
| Name of Cluster | : | G.L.P.S Vilakkudy |
| Name of Block | : | Pathanapuram |
| Name of district | : | Kollam |
| Phone Number of School | : | 04752324111 |
| Email ID of Shcool | : | 40414gwlps@gmail.com |
| Name of H.M with Phone Number | : | S.Saleena beevi ,9447311545 |
| Email ID of H.M | : | saleenabeevijalal@gmail.com |

**അക്കാദമിക മാസ്റ്റർ പ്ലാൻ ഊന്നൽ നൽകുന്ന പൊതു ലക്ഷ്യങ്ങൾ**

കുട്ടികളുടെ സമഗ്രവികസനം മുന്നിൽ കണ്ടുകൊണ്ട് സാമൂഹ്യജ്ഞാന നിർമ്മിതി വാദത്തിലധിഷ്ഠിതമായി പ്രവർത്തനങ്ങൾ സജ്ജമാക്കുക. അന്താരാഷ്ട്ര നിലവാരത്തിലേക്ക് മുഴുവൻ കുട്ടികളെയും ഉയർത്തുക, മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം ഈ വിഷയങ്ങളിൽ കുട്ടി നേടേണ്ട അടിസ്ഥാന ശേഷികൾ പൂർണമായും നേടി എന്നുറപ്പാക്കും. മുഴുവൻ കുട്ടികളെയും അറിവിന്റെ ഉയർന്നതലങ്ങളിലേക്ക് എത്തിക്കും.

വായനാ സംസ്കാരം വളർത്തിയെടുക്കുക പ്രകൃതി ഒരു തുറന്ന പുസ്തകം എന്ന നിലയിൽ നിരീക്ഷണ, പരീക്ഷണ, അന്വേഷണാത്മക പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

മൂല്യബോധം, ജനാധിപത്യ സംസ്കാരം, പരിസ്ഥിതി സ്നേഹം, ദേശസ്നേഹം, മതനിരപേക്ഷത, സാമൂഹിക തിന്മകൾക്കെതിരായുള്ള അവബോധം ഇവ വളർത്തിയെടുക്കുക.

ജൈവ വൈവിധ്യ ഉദ്യാനം സ്ഥാപിക്കുക കാർഷിക സംസ്കാരം വളർത്തിയെടുക്കു കം-പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്തമായ അന്തരീക്ഷം സൃഷ്ടിക്കുക. ശിശു സൗഹൃദകാമ്പസ് ഒരുക്കുക. കാർഷിക സംസ്കാരം വളർത്തിയെടുക്കുക. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പഠനം സുഗമമാക്കുക.

**പരിമിതികൾ**

വിളക്കുടി ഗ്രാമപഞ്ചായത്തിൽ ദേശീയ പാതയിൽ നിന്ന് ഏകദേശം രണ്ട് കിലോമീറ്റർ ഉള്ളിലായ് സ്ഥിതിചെയ്യുന്ന വിദ്യാലയം. ജന സാന്ദ്രത കുറഞ്ഞ പ്രദേശത്താണ്. വാഹനസൗകര്യം തീരെ കുറവായ പുതുവാശ്ശേരി പ്രദേശത്തേക്ക് പൊതുവാഹനങ്ങൾ എത്തപ്പെടുന്നില്ല. അതിനാൽ തന്നെ കുട്ടികളുടെ എണ്ണം തീരെ കുറവാണ്. വിദ്യാലയത്തോട് ചേർന്ന് പ്രീപ്രൈമറി ക്ലാസ് ഇല്ല. വെൽഫെയർ സ്കൂൾ ആണ് എങ്കിൽ പോലും ക്യാച്ച്മെന്റ് ഏരിയ ആയ വരിയ്ക്കോൽ ഭാഗം വിദ്യാലയത്തിൽ നിന്ന് ഏറെ അകലെയാണ്. ഭൗതിക സാഹചര്യങ്ങളിൽ പുരോഗതിയുണ്ടെങ്കിലും സ്ഥലപരിമിതി ഏറെയുണ്ട്. ഓഫീസ് മുറി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ മൂന്ന് ക്ലാസ്റൂമുകളും നിർമ്മിതി കെട്ടിടത്തിൽ ഒരു ക്ലാസ് മുറിയും പ്രവർത്തിക്കുന്നു. ഒരു കംപ്യൂട്ടർ റൂമോ, ഡൈനിംഗ് മുറിയോ , സ്മാർട്ട് ക്ലാസ്മുറിയോ നിലവിൽ വിദ്യാലയത്തിലില്ല. ഓഫീസ് റൂമിലെ പരിമിതമായ സ്ഥലത്താണ് കംപ്യൂട്ടർ വച്ചിരിക്കുന്നതും പഠനം നടത്തുന്നതും. IT enabled ബോധനം സാധിതമാകണം എങ്കിൽ കൂടുതൽ ലാപ് ടോപുകൾ (കുറഞ്ഞത് 3) എണ്ണമെങ്കിലും ആവശ്യമാണ്. നിലവിൽ ഒരു കംപ്യൂട്ടർ മാത്രമേ ഉള്ളൂ. ശിശു സൗഹൃദ അന്തരീക്ഷം സംജാതമാകാൻ ഏറെ മാറ്റങ്ങൾ ആവശ്യമാണ്. വിദ്യാലയ പരിസരത്ത് കുട്ടികളുടെ മാനസികോല്ലാസത്തിനുതകുന്ന പാർക്കോ, കളിസ്ഥലമോ ഒന്നും തന്നെയില്ല. വിദ്യാലയത്തിന്റെ ചുറ്റുമതിൽ ഭാഗികമായതിനാൽ പുറമേ നിന്നുള്ള ശല്യങ്ങൾ കൂടുതലാണ്. കുട്ടികൾ കൃഷി ചെയ്യുന്ന വിളകളും മറ്റും നശിപ്പിക്കപ്പെടുന്നുണ്ട്. ആകർഷകമായ രീതിയിൽ ഒരു പ്രവേശന കവാടവും ചിത്രങ്ങൾവരയ്ക്കത്തക്ക രീതിയിൽ ക്രമീകരിക്കപ്പെടുന്ന മുൻ ചുറ്റുമതിലും വിദ്യാലയത്തിനാവശ്യമാണ്. ക്ലാസ് റൂമുകളും മുൻചുവരുകളും ചിത്രങ്ങൾ വരച്ച് ആകർകമാക്കേണ്ടതും ആണ്.

2025-26 അധ്യയന വർഷത്തിൽ ഏറ്റെടുക്കുന്ന മികവ് പ്രവർത്തനങ്ങൾ.

1. സർഗം.

ഓരോ കുട്ടിയെയും ഓരോ ടാലന്റ് ലാബ് ആയി കണ്ടുകൊണ്ട് കുട്ടിയുടെ സർഗ വികസനത്തിനായി പ്രവർത്തനങ്ങൾ നൽകുന്നു. പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനോടൊപ്പം നിരന്തര വിലയിരുത്തലിലൂടെ കുട്ടിയുടെ പഠന പുരോഗതിയും മികവുകളും പരിമിതികളും കണ്ടെത്തുക. പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി കുട്ടിയെ മികവിലേക്കെത്തിക്കുക. ഒരേ ലെവലിൽ വരുന്നവരെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പുകളാക്കി പ്രത്യേക പരിശീലനം നൽകും

കാലയളവ് - ഒരു അക്കാദമിക് വർഷം

2. നല്ല വായന

തെരഞ്ഞെടുത്ത പുസ്തകങ്ങൾ കുട്ടികൾക്ക് നൽകി. രചനാസ്വാദനക്കുറിപ്പ്

തയ്യാറാക്കി അസംബ്ലിയിൽ അവതരി
പ്പിക്കുന്നു

കാലയളവ്- ഒരു വർഷക്കാലം

3. <u>നൈപുണി</u>

തെരഞ്ഞെടുത്ത ഇനങ്ങളിൽ പ്രവൃത്തി പരിചയ ശിൽപശാലകൾ സംഘടിപ്പിക്കുന്നു. രക്ഷിതാക്കളെകൂടി ഉൾക്കൊള്ളിക്കുന്നു.

കാലയളവ്- ജൂൺ- നവംബർ

4. <u>ഫൺ ലാബ്</u>

ശാസ്ത്ര പരീക്ഷണങ്ങളുടെ അവതരണം സ്കൂൾ അസംബ്ലിയിൽ

കാലയളവ്- ഒരു അക്കാദമിക് വർഷം

5. <u>ഹരിതം</u>

ജൈവ വൈവിധ്യ പാർക്ക്, ഔഷധസസ്യ ഉദ്യാനം ഇവ സംരക്ഷിച്ച് വിദ്യാലയ പരിസരം ഹരിതാഭമാക്കുന്നു.

കാലയളവ്- ജൂൺ- ജൂലൈ

സ്വൃതി രചന

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിച്ചുവ രചനകളാക്കി സൂക്ഷിച്ച് പതിപ്പുകളാക്കുന്നു

കാലയളവ്- ഒരു അക്കാദമിക് വർഷം

7. സൗഹൃദം

ഒന്നാം ക്ലാസ് ഒന്നാന്തരം എന്നതിലുപരിയായി എല്ലാക്ലാസും ഒന്നാന്തരമാക്കാനുള്ള പ്രവർത്തനങ്ങൾ.

ചിത്ര പുസ്തകം

ഡയറി എഴുത്ത് (കൂട്ടെഴുത്ത്)

ഗണിതകിറ്റ്

അക്ഷരക്കൂട.

കാലയളവ്- ഒരു അക്കാദമിക് വർഷം

# മലയാളം.

## ഓർമയിലെന്നും.

ക്ലാസ് റൂം പ്രവർത്തനങ്ങളുടെ
ഭാഗമായുള്ള വ്യവഹാര രൂപ നിർമാണ
വുമായി ബന്ധപ്പെട്ട ഡയറിക്കുറിപ്പ്.
മികച്ച ഡയറികൾ അസംബ്ലിയിൽ അവതരിപ്പിച്ചു
കാലയളവ്- ഒരു അക്കാദമിക് വർഷം

## റീഡേഴ്സ് തീയേറ്റർ

പാഠഭാഗത്തിലെ സംഭവങ്ങൾ
ശബ്ദ വ്യതിയാനത്തോടുകൂടി ക്ലാസിലും
അസംബ്ലിയിലും അവതരിപ്പിക്കുന്ന
ഒരു അക്കാദമിക് വർഷം നീണ്ടു നിൽക്കുന്ന
പ്രവർത്തനമാണിത്.

കാലയളവ്- ഒരു അക്കാദമിക് വർഷം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ

ആവശ്യമായ സാമഗ്രികൾ ഒരുക്കൽ

## എഴുത്ത് പരിപോഷിപ്പിക്കൽ പ്രവർത്തനങ്ങൾ

യാത്രാവിവരണം

രചനാകുറിപ്പ് തയ്യാറാക്കൽ

ചേർത്തെഴുത്ത്

പിരിച്ചെഴുത്ത്

ചിഹ്നങ്ങൾ ചേർത്തെഴുത്ത്

വാക്യങ്ങളും പ്രയോഗങ്ങളും കണ്ടെത്തി എഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾ

ജീവചരിത്രക്കുറിപ്പ്

എന്റെ രചന

## കാവ്യകേളി

കവിത താളമിട്ട് ചൊല്ലാൻ
വായ്ത്താരി നിർമ്മാണം അവസരങ്ങൾ
വരികൾ കൂട്ടിച്ചേർക്കൽ അവതരിപ്പിക്കൽ
കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുവർ പ്രദർശനം

നോട്ടീസ്
കത്ത്
പത്രവാർത്ത
കാലയളവ് - ജൂൺ - ഡിസംബർ

## സർഗാത്മക ചിത്രീകരണം

കവിതകളിൽ നിന്ന് ആശയം
ഉൾക്കൊണ്ട് ചിത്രങ്ങൾ വരക്കൽ

കാലയളവ് - ആവശ്യാനുസരണം

# ENGLISH.

## ഇംഗ്ലീഷ് അസംബ്ലി

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്താനായി ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ
ഇംഗ്ലീഷ് അസംബ്ലി നിയന്ത്രണം മുഴുവനും കുട്ടികൾക്ക്.
കാലയളവ് - ആഴ്ചയിൽ ഒന്ന്

## ഇംഗ്ലീഷ് ഡയറി

നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ആഴ്ചയിൽ 2 ദിവസം ഇംഗ്ലീഷ് ഡയറിയായി എഴുതുന്നു.
കാലയളവ് - ആഴ്ചയിൽ 2 വീതം ഒരു അക്കാദമിക് വർഷം

## ഇംഗ്ലീഷ് തിയേറ്റർ

സർഗാത്മകത പരിപോഷണം ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ
കാലയളവ് - മാസത്തിൽ ഒന്ന്

MOTHER BOOKS

Skit

Drama

Conversation

Story telling

## ഇംഗ്ലീഷ് · ഭാഷയിൽ

സർഗാത്മകതാരചനശേഷി വികസനം

ADD more lines

writing description

Story writing with the help of given pictures.

കാലയളവ് - അദ്ധ്യയനവർഷത്തിൽ ഒന്ന്

## Vocabulary development

പാഠപുസ്തകത്തിലെ glossary പ്രയോജനപ്പെടുത്തി words and their english meaning കളിരൂപത്തിൽ ക്ലാസിൽ നടത്തുന്നു.

കാലയളവ് - ആവശ്യാനുസരണം എല്ലാ ഇംഗ്ലീഷ് ക്ലാസുകളിലും

## Notice Preparation

സ്കൂളിൽ നടക്കുന്ന പ്രോഗ്രാമുകളുടെ നോട്ടീസ് കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ English notice തയ്യാറാക്കുന്നു. പ്രദർശനം നടത്തുന്നു.

കാലയളവ്- പ്രധാന ദിവസങ്ങളിൽ മാസത്തിലൊന്ന്

## Story for a day

പാഠപുസ്തകത്തിലെ Story കുട്ടികൾ അവരുടേതായ രീതിയിൽ ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കുന്നു.

കാലയളവ്- മാസത്തിൽ രണ്ടു പ്രാവശ്യം

# ഗണിതം.

## കളിക്കാം... ഗണിക്കാം

ഗണിത പഠനം രസകരമാക്കാൻ ഉണ്ണിയപ്പവും, ഡയസ് കളി സങ്കലനം – വ്യവകലനം, കല്ലുവടങ്ങൾ തുടങ്ങിയവയിലൂടെ ഗണിത പഠനം രസകരമാകുന്നു.

കാലയളവ്- വർഷം മുഴുവൻ

## ഒറിഗാമി

ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം.

കാലയളവ്- വർഷത്തിൽ 3 തവണ

## ഗണിത പഠനോപകരണ ശില്പശാല

പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ നിർമ്മാണം- പ്രദർശനം.

ഗണിത പഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. പാഠഭാഗ

വുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം

കാലയളവ്- ആവശ്യാനുസരണം

## ഗണിതമേള

ഗണിതശേഷികളുടെ പ്രകടനം

പ്രശ്നോത്തരി

പസിൽ

പാറ്റേൺ

പഠന ഉപകരണങ്ങളുടെ പ്രദർശനം

കാലയളവ്- വർഷത്തിലൊന്ന്

## കുസൃതി

രസകരമായ കുസൃതികണക്കുകളിലൂടെ ഗണിതാശയങ്ങളുടേയും സങ്കലനം വ്യവകലനം, ഗുണനം, ഹരണം തുടങ്ങിയ അടിസ്ഥാന ഗണിതശേഷികളുടേയും വികസനത്തിനായി കുസൃതികണക്കുകളുടെ കണ്ടെത്തലും അവതരണവും അസംബ്ലിയിലും ക്ലാസുകളിലും കുസൃതികണക്കുകൾ അവതരിപ്പിക്കുന്നു

കാലയളവ്- ആവശ്യാനുസരണം

# പരിസരപഠനം

## ഫൺലാബ്

ശാസ്ത്രാവബോധം വളർത്തുക

നിരീക്ഷണ പരീക്ഷണ സാധ്യതകൾ പ്രയോജനപ്പെടുത്തുക അപഗ്രഥനം നിഗമനം എന്നീ തലങ്ങളിൽ കുട്ടികളെ എത്തിക്കുക.

കാലയളവ് - ആവശ്യാനുസരണം

## ജൈവ വൈവിധ്യ ഉദ്യാനം

പ്രകൃതി തന്നെ ഒരു തുറന്ന പുസ്തകം പരിസരത്തെ അറിയുക. സസ്യപരിപാലനം, ജീവജാലങ്ങളുടെ പരിപാലനം, പരിസ്ഥിതി സ്നേഹം വളർത്തൽ. ഔഷധ സസ്യങ്ങൾ, ചെടികൾ ഫലവൃക്ഷങ്ങൾ ഇവ നട്ട് പരിപാലിക്കൽ

കാലയളവ് - വർഷം മുഴുവൻ

## ഒരു ദിനം ഒരു പരീക്ഷണം

പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ ശാസ്ത്രാവബോധം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ പരീക്ഷണങ്ങളുടെ അവതരണം

കാലയളവ് - ആഴ്ചയിൽ ഒന്ന്

## ശുചിത്വ സർവ്വേ

ശുചിത്വവുമായി ബന്ധപ്പെട്ട് തന്റെ വീടും അയൽവീടുകളും സന്ദർശിച്ച് സർവ്വേ വിവരം ശേഖരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ സഹായത്തോടെ പരിഹാര നിർദ്ദേശങ്ങൾ നൽകുന്നു.

കാലയളവ് - വർഷത്തിലൊന്ന്

## ശാസ്ത്രയാത്ര

ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ, അന്വേഷണ ത്വര വളർത്താൻ, വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ശാസ്ത്ര വേദികൾ

പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി എന്നിവ സന്ദർശിക്കൽ

കാലയളവ്- വർഷത്തിലൊന്ന്

**ദൃശ്യപഠനോത്സവം.**

ദൃശ്യപാഠ വായന

ദൃശ്യപാഠ രചന

സൂചികാ നിർമ്മാണം

കാലയളവ്- ആവശ്യാനുസരണം

**ലഹരിവിരുദ്ധ ക്യാമ്പസ്**

ലഹരിവിരുദ്ധ പോസ്റ്റർ തയ്യാറാക്കൽ

ലഹരിവിരുദ്ധ റാലികൾ സംഘടിപ്പിക്കൽ

കാലയളവ്- വർഷത്തിലൊന്ന്

**ദേശീയ ദിനാചരണങ്ങൾ**

ദേശീയ പ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണവുമായി ബന്ധപ്പെട്ട് പതിപ്പ് തയ്യാറാക്കൽ, സ്വാതന്ത്ര്യ ഗീതങ്ങളുടെ പതിപ്പു തയ്യാറാക്കൽ, സ്വാതന്ത്ര്യ ~~[illegible]~~ സമര സേനാനികളുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ

പതാക നിർമ്മാണം

കാലയളവ് വർഷത്തിൽ ഉടനീളം

**ഹരിത ക്യാമ്പസ്**

പ്ലാസ്റ്റിക്കിന്റെ ഉപയോഗം
പരമാവധി കുറച്ച് സ്കൂൾ പരിസരം ഹരിത
പ്രോട്ടോക്കോൾ പാലിച്ച് സംരക്ഷിക്കുക.
കാലയളവ് - വർഷം മുഴുവൻ

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**

**പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br><br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം : 5**

**പേര് : സ്കൂൾ ലൈബ്രറി**

**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം : 6**

**പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികർക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : **രചനോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : **സർഗ്ഗവേള**

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : **ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | | 3000 |

പ്രവർത്തനം : 13
പേര് : **പാട്ടരങ്ങ്**
ഉപമേഖല : **ഭാഷാ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 14
പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശീയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 15
പേര് : **റീഡേഴ്സ് തിയേറ്റർ**
ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 16

പേര് : **ഭാഷോത്സവം**

ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ<br>ഭാഷാ ക്ലബ്<br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : **അരങ്ങത്തേക്ക്**

ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര്** : ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല** : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര്** : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല** : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായാനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# ഗണിതം

**പ്രവർത്തനം :** 1
**പേര്** : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
**ഉപമേഖല** : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമി ന്റെയും തുട ക്കത്തിൽ | | 4000 |

**പ്രവർത്തനം :** 2
**പേര്** : ഗണിതലാബ് (ഗണിതമധുരം)
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴ കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | | 15000 |

**പ്രവർത്തനം :** 3
**പേര്** : ഗണിതമൂല
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി.ടി.എ.
ഉപമേഖല : സി.പി.ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : ശാസ്ത്ര പഠനോപകരണ ശില്പ ശാല
**ഉപമേഖല** : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം :** 2
**പേര്** : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : പരീക്ഷണകിറ്റ്
**ഉപമേഖല** : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4
പേര് : പരീക്ഷണോത്സവം
ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ലബ് | 2000 |

## രസാലഹരി, മൊബൈൽ അഡിക്ഷൻ

പ്രവർത്തനം : 1
പേര് : ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ
ഉപമേഖല : ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്. പോലീസ് SITC | |
| | | | | |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയൽ**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക അറിവ്**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | | |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം :** 1

**പേര് :** വിവര സാങ്കേതിക വിദ്യയിൽ പരിശീലനം

**ഉപമേഖല :** അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

**പ്രവർത്തനം :** 2

**പേര് :** I T ലാബ്

**ഉപമേഖല :** കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

**പ്രവർത്തനം :** 1
**പേര്** : **സർഗവേദി**
**ഉപമേഖല** : **പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | SRG | |

**പ്രവർത്തനം :** 2
**പേര്** : **ടാലെന്റ് ലാബുകൾ**
**ഉപമേഖല** :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

**പ്രവർത്തനം :** 3
**പേര്** : **പ്രകടന വേദികൾ**
**ഉപമേഖല** : **സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

**പ്രവർത്തനം :** 1
**പേര് :** കായികാരോഗ്യം
**ഉപമേഖല :** എയറോബിക്സ് എക്സെർസൈസസ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

**പ്രവർത്തനം :** 2
**പേര് :** ഹെൽത്ത് ചെക്ക് അപ്പ്
**ഉപമേഖല :** ആര്യോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | -<br>3,000 |

**പ്രവർത്തനം :** 3
**പേര് :** കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല
**ഉപമേഖല :** അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |